# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3856 — 11.11.2019 ൽ മറുപടിക്ക്

## കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നിരവധി നിർദ്ധനരായ രോഗികൾക്ക് ചികിത്സ ധനസഹായം ലഭിച്ചിരുന്ന കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി നിർത്തലാക്കിയത് മൂലം സാധാരണക്കാർക്ക് ഉണ്ടായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സംയോജിപ്പിച്ചതിനെ തുടർന്ന് കെ.എ.എസ്.പിയിൽ അംഗങ്ങളല്ലാത്ത കെ.ബി.എഫ് ഗുണഭോക്താക്കൾ നേരിട്ടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെടുകയും അതേ തുടർന്ന് 06.08.2019 ലെ G.O. (Rt) 122/2019/H&FWD പ്രകാരം കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി 31.03.2020 വരെ ദീർഘിപ്പിച്ചു നൽകുകയുമുണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ബദലായി കൊണ്ടുവന്ന കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഈ പദ്ധതിയിൻ കീഴിൽ എത്ര പേർക്ക് പ്രസ്തുത ധനസഹായം അനുവദിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | (ബി) | കെ എ എസ് പി പദ്ധതി ഏപ്രിൽ 1, 2019 മുതൽ സംസ്ഥാനത്തു നടപ്പിലാക്കി പദ്ധതിയിൽ നാളിതുവരെ 41.4 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായി, പദ്ധതിയിൽ സേവനം നൽകുന്ന ആശുപത്രികളുടെയും നൽകിയ ചികിത്സയുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ ചേർന്നിട്ടുള്ള ഓരോ കുടുംബത്തിനും അനുവദിക്കുന്ന പരമാവധി ഇൻഷ്വറൻസ് തുക എത്രയാണെന്നും പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി അംഗങ്ങളായ ഓരോ കുടുംബത്തിനും 2 ലക്ഷം മുതൽ 5 ലക്ഷം വരെ ചികിത്സാ ആനുകൂല്യം ഓരോ വർഷവും ലഭ്യമാകും. പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനായി പദ്ധതിയിൽ അംഗത്വം നൽകി അനുവദിച്ച അംഗത്വ കാർഡ് പ്രസ്തുത പദ്ധതിയുടെ സേവനം നൽകി വരുന്ന ആശുപത്രിയിൽ കാണിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയാൽ മാത്രം മതി. തുടർന്ന് ചികിത്സക്കാവശ്യമായ തുക പ്രസ്തുത കാർഡിൽ നിന്നും ആശുപത്രി വിനിയോഗിച്ചു കൊള്ളും. രോഗി ഇതിനായി മറ്റൊന്നും ചെയ്യേണ്ടതില്ല. |

Hari

സെക്ഷൻ ഓഫീസർ

അനുബന്ധം

| District | Empanelled hospital Count | Claims Submitted Count | Claims Submitted Amount |
|---|---|---|---|
| Alappuzha | 24 | 49675 | 36,21,52,427.00 |
| Ernakulam | 32 | 36661 | 18,82,07,243.00 |
| Idukki | 14 | 10252 | 7,49,90,655.00 |
| Kannur | 22 | 36651 | 18,31,47,868.00 |
| Kasaragod | 14 | 13977 | 7,65,75,246.00 |
| Kollam | 32 | 35227 | 25,24,86,218.00 |
| Kottayam | 23 | 29666 | 21,32,98,770.00 |
| Kozhikode | 41 | 67969 | 46,71,17,727.00 |
| Malappuram | 44 | 46914 | 37,59,37,356.00 |
| Palakkad | 29 | 43232 | 27,34,33,325.00 |
| Pathanamthitta | 16 | 23401 | 12,83,63,103.00 |
| Thiruvananthapuram | 46 | 51532 | 38,19,56,237.00 |
| Thrissur | 30 | 37491 | 21,25,16,857.00 |
| Wayanad | 14 | 22397 | 13,57,63,446.00 |
| **Total** | **381** | **505045** | **3,32,59,46,478.00** |

Hari

സെക്ഷൻ ഓഫീസർ